# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 528

06.03.2012-ൽ മറുപടിക്ക്.

## കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ചപ്രകാരം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ സ്വീകരിച്ച നയപരവും ഭരണപരവുമായ നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ; | (എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ വ്യക്തമായ നടപടികൾ എടുത്തുവരികയാണ്. ഇതിന് ആവശ്യമായ വ്യവസായ, ഐ.ടി കരട് നയങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക മേഖല (SEZ) നയം കേന്ദ്ര സർക്കാരിന്റെ നയവുമായി ഏകോപിപ്പിക്കാനുള്ള ശ്രമം നടന്നു വരികയാണ്. വ്യത്യസ്ത മേഖലകളിൽ ആഭ്യന്തര വിദേശ നിക്ഷേപകരെ ആകർഷിച്ച് സാമ്പത്തിക വളർച്ചയും പുരോഗതിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയിലൂടെ സുസ്ഥിര വികസനം നേടുക എന്നതാണ് പുതിയ വ്യവസായ നയത്തിലൂടെ സർക്കാർ പ്രധാന്യം നൽകുന്നത്. എല്ലാ മേഖലയിലും വിദേശീയവും സ്വദേശീയവുമായ നിക്ഷേപ പ്രോൽസാഹനവും മാനവ വിഭവശേഷി വികസനവും വഴി കൂടുതൽ സംരംഭങ്ങൾ നടപ്പിലാക്കി തൊഴിൽ ഉൽപ്പാദനവും, കയറ്റുമതിയും അതിലൂടെ കേരളത്തിന്റെ സാമ്പത്തിക ഉന്നമനം ഉണ്ടാക്കുകയുമാണ് പ്രധാന ലക്ഷ്യം. സംസ്ഥാനത്തിന്റെ സന്തുലിതവും കാര്യക്ഷമവുമായ വ്യവസായിക വികസനത്തിൽ ചെറുകിട സംരംഭങ്ങൾക്കും നിർണ്ണായക പങ്കാണുള്ളത്. സംസ്ഥാനത്തിന് അനുയോജ്യമായ ഉൽപ്പാദനവും, ഉപയോഗവും വഴി വിഭവങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇവയ്ക്ക് സാധിക്കും. |

(തുടർച്ച.....2)

(ബി) ഇതിനായി കേരള ബ്രാൻഡ് വികസിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വെളിപ്പെടുത്തുമോ ?

(ബി) കേരള ബ്രാൻഡ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി 'എമർജിംഗ് കേരള' എന്ന പേരിൽ ഒരു ദ്വിവർഷ പരിപാടി നടത്തുവാൻ കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നു. കേരളത്തിലുള്ള നിക്ഷേപ സാദ്ധ്യതകൾ ലോകത്തിന്റെ മുന്നിൽ അവതരിപ്പിക്കാനുള്ള ഒരു അവസരമാണ് എമർജിംഗ് കേരള. ഇതിലൂടെ കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എമർജിംഗ് കേരള 2012 സെപ്റ്റംബർ മാസം കൊച്ചിയിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ